ഉത്തരം

(എ) പട്ടികജാതി പ്രൊമോട്ടർമാരായി 1183 പേരെ നിയമിച്ചിട്ടുള്ളതിൽ 91 പേർ പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ റസിഡന്റ് ട്യൂട്ടറുടെ ചുമതല വഹിക്കുന്നവരാണ്. റസിഡന്റ് ട്യൂട്ടറുടെ ചുമതല വഹിക്കുന്നവർക്ക് 4,500 രൂപയും മറ്റുള്ളവർക്ക് 4,000 രൂപയുമാണ് പ്രതിമാസം ഓണറേറിയം നൽകുന്നത്.

(ബി&സി) 2014 ഡിസംബർ 31-ന് നിലവിലുള്ള പ്രൊമോട്ടർമാരുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ പ്രൊമോട്ടർമാരെ നിയമിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു. പുതിയ പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി അവർ ജോലിയിൽ പ്രവേശിക്കുന്നതുവരെ നിലവിലുള്ള പ്രൊമോട്ടർമാരെ തുടരാൻ അനുവദിച്ചിട്ടുണ്ട്.

(ഡി) ഒരു വർഷക്കാലയളവിലേക്ക് ഓണറേറിയം വ്യവസ്ഥയിൽ താല്ക്കാലിക അടിസ്ഥാനത്തിലാണ് പട്ടികജാതി പ്രൊമോട്ടർമാരെ നിയമിക്കുന്നത്. പ്രൊമോട്ടർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

പട്ടികജാതി വിഭാഗക്കാർക്കായി പുതിയ ഭവന പദ്ധതി

287 (985) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗക്കാർക്കായി പുതിയ ഭവന പദ്ധതിക്ക് സർക്കാർ രൂപം നൽകുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാരുടെ ജില്ലതിരിച്ചുള്ള വിശദവിവരം നൽകുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കുടംബങ്ങൾക്ക് വീട് നൽകി ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) പട്ടികജാതിയിൽപ്പെട്ട ഭവനരഹിതർക്കായി വകുപ്പ് ഭവനരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഭവനനിർമ്മാണ ധനസഹായമായി 3 ലക്ഷം രൂപ നൽകി വരുന്നു. പുതിയ ഭവന പദ്ധതിക്ക് രൂപം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2009-10-ലെ 'കില'യുടെ റിപ്പോർട്ട് പ്രകാരം കേരളത്തിൽ 25154 പട്ടികജാതി കുടുംബങ്ങൾ ഭവനരഹിതരായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

ജില്ല	കുടുംബങ്ങളുടെ എണ്ണം
തിരുവനന്തപുരം	5120
കൊല്ലം	2744
പത്തനംതിട്ട	898
ആലപ്പുഴ	622
കോട്ടയം	1300
ഇടുക്കി	6584
എറണാകുളം	2420
തൃശ്ശൂർ	1312
പാലക്കാട്	1855
മലപ്പുറം	499
കോഴിക്കോട്	319
വയനാട്	603
കണ്ണൂർ	512
കാസർഗോഡ്	366

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 19400 പട്ടികജാതി കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്.

LIBRARY.ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിൽ നിന്നും 19400 കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചു വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

വർഷം	അനുവദിച്ച വീടുകൾ
2011-12	3500
2012-13	5000
2013-14	6400
2014-15	4500

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിനായി ഭൂമി

288 (986) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വീടുവയ്ക്കുന്നതിനു ഭൂമി വാങ്ങുന്നതിനായി ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഇപ്പോൾ എത്ര രൂപയാണ് ഒരാൾക്ക് നൽകിവരുന്നതെന്ന് വിശദമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇപ്പോൾ നൽകിവരുന്ന തുക അപര്യാപ്തമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) തുക വർദ്ധിപ്പിക്കുമെങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly